LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം

233(1218) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്?

കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവ് അന്തരം കുറയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പുനരുദ്ധാരണം 2.0 എന്ന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. ദീർഘദൂര സർവ്വീസുകൾ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ യാത്രാ സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.ആർ.ടി.സി.-യുടെ പരിപൂർണ്ണ സഹായ സഹകരണത്തോടുകൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

2. പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽനിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ഒരു കൊമേഴ്സ്യൽ ഡിവിഷൻ രൂപീകരിച്ച് വിവിധ നടപടികൾ പുരോഗമിക്കുന്നു.

4. കെ.എസ്.ആർ.ടി.സി.-യുടെ സംവിധാനങ്ങൾ ഉപയോഗ പ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു.

5. കെ.എസ്.ആർ.ടി.സി.-യുടെ ബസ്-സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ഇവയാണ്.

(i) ചെലവ് കുറഞ്ഞ LNG / CNG മുതലായ ഇന്ധനങ്ങളിലേയ്ക്ക് മാറ്റുക.

(ii) Route Rationalization.

(iii) ബസ്സുകളുടെ Utilization വർദ്ധിപ്പിക്കുക.

(iv) സർവ്വീസ് Operation Optimize ചെയ്യുക.

(v) ജീവനക്കാരുടെ എണ്ണം കുറയ്ക്കുക.

(vi) ഇന്ധനക്ഷമത വർദ്ധിപ്പിക്കുക.

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്.

(a) Logistic division ആരംഭിക്കുക.

(b) പരസ്യങ്ങളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക.

(c) സർവ്വീസ് യോഗ്യമല്ലാത്ത കണ്ടം ചെയ്ത ബസുകൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക (Shop On Wheels).

(d) ബസ് സ്റ്റേഷൻ കെട്ടിടങ്ങൾ Supplyco, Consumerfed, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ lease/ rent-ന് കൊടുക്കുന്നതാണ്.

(e) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള, എന്നാൽ നിലവിൽ ഉപയോഗിക്കാനാവാത്തതുമായ വസ്തുവകകൾ പുതിയ പദ്ധതികൾക്കായി വിനിയോഗിക്കുക. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ്' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ലൂബ്രിക്കന്റ് വിൽപന, ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതുവഴി കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു. കോവിഡ് സാഹചര്യത്തിൽ സർവ്വീസ് നടത്താൻ സാധിക്കാത്ത അധിക ബസ്സുകൾ 18 സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി പാർക്ക് ചെയ്തതുമൂലം ഇൻഷ്വറൻസ് തുക,

LIBRARY ARCHIVES Kerala Legislative Assembly

ബാറ്ററി, ടയർ, ല്യൂബ്രിക്കൻസ് ഇനത്തിൽ ചെലവ് കുറയും. കൂടാതെ ജില്ലാ വർക്ക്ഷോപ്പുകൾ എല്ലാ ജില്ലകളിലും ക്രമീകരിക്കുകയും ഡിപ്പോ മെയിന്റനൻസ് പുനഃക്രമീകരിക്കുകയും ചെയ്യുക വഴി ബസ്/ജീവനക്കാർ അനുപാതം ക്രമേണ കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നു. 3,400 ഡീസൽ ബസ്സുകൾ LNG / CNG-യിലേയ്ക്ക് convert ചെയ്യുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്?

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സമഗ്ര പഠനം നടത്തുന്നതിന് 2016 കാലഘട്ടത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൽക്കട്ടയിലെ പ്രൊഫസർ സുശീൽ ഖന്നയെ സർക്കാർ നിയോഗിക്കുകയും 2019-ൽ ടിയാൻ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഭരണ സമിതി പുനഃസംഘടന, മാനേജ്മെന്റിലെ പുനരുദ്ധാരണം, ബസ് ജീവനക്കാരുടെ അനുപാതം ക്രമീകരിക്കൽ, ഐ.റ്റി., ഇൻഫ്രാസ്ട്രക്ചർ, സർവ്വീസ് ഓപ്പറേഷൻ, സാമ്പത്തിക അച്ചടക്കം മുതലായ എല്ലാ വിഭാഗങ്ങളെയും സംബന്ധിച്ച് നടത്തിയ സമഗ്ര റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളത്.

കോഴിക്കോട് നഗരത്തിൽ മൊബിലിറ്റി ഹബ്ബ്

234(1219) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നഗരത്തിൽ മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ

235(1220) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

&